


# തണൽ

***ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം***

**ജെ.എം.പി. ഹൈസ്കൂൾ**
**മലയാലപ്പുഴ**
**2018 - 19**

## പ്രഥമാധ്യാപികയുടെ പേജ്

**മലയാലപ്പുഴ ജെ.എം.പി. ഹൈസ്കൂളിലെ**

**ലിറ്റിൽ കൈറ്റ്സ്**

**അംഗങ്ങൾ തയ്യാറാക്കിയ തണൽ എന്ന മാസികയാണിത്.**

**ആധുനിക വിവരസാങ്കേതിക വിദ്യയുടെ രംഗത്ത് കുട്ടികൾ**

**ഏറെ മുന്നേറിക്കൊണ്ടിരിക്കുകയാണ്.**

**എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആയി മാറിക്കഴിഞ്ഞു.**

**കമ്പ്യൂട്ടർ രംഗത്തെ കുട്ടികളുടെ അറിവും അനുഭവവും ഈ**

**മാഗസിൻ നിർമാണത്തിൽ പ്രതിഫലിച്ചിട്ടുണ്ട്.**

**ഈ 'തണലിന് ' എല്ലാ ഭാവുകങ്ങളും നേരുന്നു.**



**ജസ്സി കെ.ജോൺ**
**ഹെഡ്മിസ്ട്രസ്**

**<u>മുഖമൊഴി</u>**

മലയാലപ്പുഴ ജെ.എം.പി.ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സുകളായി അറിവിന്റെ അനന്തവിഹായസ്സിലേക്ക് പറന്നുയരുവാൻ തയ്യാറെടുത്തിരിക്കുന്നവർ 29 പേരുണ്ട്. കഴിഞ്ഞ വർഷം വരെ ഹായ് കുട്ടിക്കൂട്ടം എന്ന പേരിൽ ഒന്നിച്ചുണ്ടായിരുന്നവരെ കൂടെ കൂട്ടിയില്ല എന്ന പരാതി അവരിൽ ചിലർക്കൊക്കെയുണ്ടെങ്കിലും ഈ പതിപ്പിലേക്ക് രചനകൾ തരുവാൻ അവർക്കും മടിയുണ്ടായില്ല. മലയാളം ടൈപ്പിംഗ് പഠിച്ചതിന്റെ പരിശീലനക്കളരിയായി ഈ മാഗസിൻ നിർമാണം അവർ ഏറ്റെടുത്തു. ലിബർ ഓഫീസ് റൈറ്ററും ജിമ്പും ഇങ്ക്സ്കേപ്പും ആണ് പ്രധാനമായും ഉപയോഗിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകൾ. സ്കൂളിലെ പഠനസമയം നഷ്ടപ്പെടുത്താതെ അധികസമയം കണ്ടെത്തിയാണ് ഇതിന്റെ പ്രവർത്തനം പൂർത്തീകരിച്ചത്. സഹകരിച്ച എല്ലാവർക്കും നന്ദി.

**രജികുമാർ റ്റി ആർ**
**സ്റ്റാഫ് എഡിറ്റർ**



# എഡിറ്റോറിയൽ

ജെ.എം.പി. ഹൈസ്കൂളിലെ കുട്ടികളിലെ കുട്ടിപ്പട്ടങ്ങൾ തയ്യാറാക്കിയ മാഗസിനാണിത്. തണൽ എന്നാണ് ഞങ്ങൾ ഈ മാഗസിനു നല്കിയ പേര്. കുട്ടികൾക്ക് അറിവും വിവേകവും മാത്രമല്ല, വിവരവിനിമയ സാങ്കേതിക വിദ്യയുടെ പുതുതണലും കൂടിയാണ് ഇവിടെ നല്കുന്നത്. വിവരവിനിമയ സാങ്കേതിക വിദ്യ വികാസം പ്രാപിച്ചത് ഈ അടുത്ത സമയത്താണെങ്കിൽ കൂടിയും സ്കൂളുകളിൽ ഇതിന്റെ സ്വാധീനം വളരെയധികം പ്രാബല്യത്തിലെത്തി. അതിന്റെ ഭാഗമായി സ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് എന്ന പുതിയ സംരംഭം ആരംഭിക്കുകയും അതിൽ ഞങ്ങളുടെ സ്കൂളിൽ നിന്ന് ഇരുപത്തിയൊൻപതു കുട്ടികൾ അംഗങ്ങളാകുകയും ഈ മാഗസിൻ നിർമിക്കുകയും ചെയ്തു.

ഞങ്ങളുടെ സ്കൂൾ നിങ്ങൾക്കു നല്കുന്ന സ്നേഹസമ്മാനമാണിത്.

സ്നേഹപൂർവം



രതീഷ്. റ്റി.എസ്
ചീഫ് എഡിറ്റർ

സബ് എഡിറ്റേഴ്സ്



അജയ്. ആർ



അർഷ ഷാജി

## ഉള്ളടക്കം

സ്കൂൾ ചരിത്രം....7
കവിത....12
പറയാതെ പോയ വാക്കുകൾ....12
കവിത....13
പ്രകൃതി എന്റെ മാത....13
കവിത....13
നിമിഷം....13
ചെറുകഥ....14
നിറമില്ലാത്ത ദിനങ്ങൾ നിറത്തിലേക്കായി....14
കവിത....15
വെള്ളമേ....15
കവിത....15
തുമ്പി....15
കവിത....16
എന്തൊരു സുന്ദരമെൻ പ്രകൃതി....16
കവിത....16
അമ്മ....16
കവിത....17
എൻ കനവുകൾ....17
കവിത....17
പ്രിയയുടെ വാക്കുകൾ....17
കവിത....17
ഓരോ വാക്കുകൾ....17
കവിത....17
എന്നും നിൻ ഓർമ്മകൾ....17
ചെറുകഥ....18
പ്രളയത്തിന്റെ മങ്ങിയ ഓർമകൾ....18
ചെറുകഥ....19
ഞാൻ, ഞാൻ മാത്രം....19
കാർട്ടൂൺ....25

# സ്കൂൾ ചരിത്രം



## ജെ.എം.പി. ഹൈസ്കൂൾ, മലയാലപ്പുഴ

| | | |
|---|---|---|
| സബ് ജില്ല | : | പത്തനംതിട്ട |
| വിദ്യാഭ്യാസ ജില്ല | : | പത്തനംതിട്ട |
| റവന്യൂ ജില്ല | : | പത്തനംതിട്ട |

**ആമുഖം**

പത്തനംതിട്ട ജില്ലയിൽ നിന്നും ഏകദേശം 10 കി.മീ. അകലെ സ്ഥിതിചെയ്യുന്ന പ്രകൃതി രമണീയമായ ഗ്രാമമാണ് മലയാലപ്പുഴ. തെക്കേ അതിർത്തിയിൽ അച്ചൻകോവിലാറും വടക്കുകിഴക്ക് പമ്പയുടെ കൈവഴിയായ കല്ലാറും അവയ്ക്കിടയിൽ കുറെ മലനിരകളും നിറഞ്ഞതാണ് മലയാലപ്പുഴ ഗ്രാമം. സസ്യജാതി വൈവിധ്യ സമ്പന്നമായ ഈ മണ്ണിലേക്ക് നഗരവത്കരണത്തിന്റെ ചുടുകാറ്റ് വീശിത്തുടങ്ങിയിട്ടുണ്ട്. കാർഷികവൃത്തിയെ ജീവതാളമായി സ്വീകരിച്ച ജനങ്ങളാണ് കൂടുതലെന്നതിനാൽ നെല്ലും വാഴയും കപ്പയും കാച്ചിൽ, ചേന, ചേമ്പ് തുടങ്ങിയ കിഴങ്ങുവർഗങ്ങളും ചീര, വെണ്ട, പയർ തുടങ്ങിയ പച്ചക്കറികളും ഇവിടെ ധാരാളമായി കാണാം. തെങ്ങും കാപ്പിയും കുറവല്ല. എങ്കിലും കൂടുതൽ സ്ഥലവും റബ്ബർ കയ്യേറിയിരിക്കുന്നു. പച്ചപ്പട്ടു പുതച്ച മലനിരകളോട്ടുകൂടിയ ഒരു മനോഹര ഭൂപ്രദേശമാണിവിടം. സാമ്പത്തിക സാമൂഹിക

വിദ്യാഭ്യാസ രംഗങ്ങളിൽ വളരെ പിന്നോക്കാവസ്ഥയിലായിരുന്ന ഗ്രാമാന്തരീക്ഷം ഇന്ന് അഭിവൃദ്ധിയുടെ പാതയിലാണ്.

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ ഏഴാം വാർഡിൽ (കിഴക്കുപുറം) ഇലക്കുളം എന്ന സ്ഥലത്ത് സ്കൂൾ സ്ഥിതി ചെയ്യുന്നു.

**<u>ഫീഡിംഗ് ഏരിയ</u>**

മലയാലപ്പുഴ പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ നിന്നും വടശ്ശേരിക്കര പഞ്ചായത്തിലെ തലച്ചിറ, കുമ്പളത്താമൺ പ്രദേശങ്ങളിൽ നിന്നും ഉള്ള കുട്ടികൾ ഈ സ്കൂളിൽ ചേർന്നു പഠിക്കുന്നു.

**<u>ഫീഡിംഗ് സ്കൂളുകൾ</u>**

പ്രധാനപ്പെട്ട ഫീഡിംഗ് സ്കൂളുകൾ രണ്ടെണ്ണമാണ്.

1. എൻ.എസ്.എസ്. യു.പി.സ്കൂൾ, മലയാലപ്പുഴ
2. എസ്.എൻ.ഡി.പി.യു.പി. സ്കൂൾ, മലയാലപ്പുഴ

   എസ്.എൻ.ഡി.പി.യു.പി. സ്കൂൾ, തലച്ചിറ, എസ്.പി.എം.യു.പി. സ്കൂൾ, വെട്ടൂർ എന്നിവിടങ്ങളിൽ നിന്നും കുറച്ചു കുട്ടികൾ വന്നു ചേരാറുണ്ട്.

**<u>വിദ്യാലയ ചരിത്രം - സംക്ഷിപ്തം</u>**

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ സ്മരണയ്ക്കായി ജവഹർലാൽ മെമ്മോറിയൽ പഞ്ചായത്ത് ഹൈസ്കൂൾ എന്ന പേരിൽ 1966 ജൂൺ 1 ന് സ്കൂൾ പ്രവർത്തനം ആരംഭിച്ചു.

അന്ന് മലയാലപ്പുഴ പഞ്ചായത്തിൽ സെക്കണ്ടറി വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിരുന്നില്ല. പത്തനംതിട്ടയിലോ കോന്നിയിലോ എത്തി പഠിക്കുന്നതിന് അക്കാലത്ത് ഗതാഗതസൗകര്യവും അപര്യാപ്തമായിരുന്നു. എസ്.എൻ.ഡി.പി.യു.പി.സ്കൂളും എൻ.എസ്.എസ്.യു.പി.സ്കൂളും ഹൈസ്കൂളായി ഉയർത്തപ്പെടുന്നതിനു വേണ്ടി പരിശ്രമിച്ചുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അവഗണിക്കപ്പെട്ടു.

ഈ സാഹചര്യത്തിൽ മലയാലപ്പുഴ പഞ്ചായത്ത് കമ്മിറ്റി മുൻകൈയെടുത്ത് പഞ്ചായത്തിലെ പിന്നോക്ക പ്രദേശമായ ഇലക്കുളം കുന്നിൻപുറം തെരഞ്ഞെടുത്തു. ഗവർണർ ഭരണകാലമായിരുന്നു അന്ന്. അദ്ദേഹത്തിന്റെ പേഴ്സണൽ അസിസ്റ്റന്റായിരുന്ന പി.ആർ.പ്രസാദ് അനുമതി നൽകിയതിനെ തുടർന്ന് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എൻ.എൻ.സദാനന്ദന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി സ്കൂൾ ആരംഭിക്കുന്നതിനു തീരുമാനിച്ചു.

**<u>പ്രഥമ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ</u>**

1. ശ്രീ. എൻ.എൻ. സദാനന്ദൻ (പഞ്ചായത്ത് പ്രസിഡന്റ്)
2. ശ്രീ. കെ.റ്റി. തോമസ്, കല്ലുങ്കത്തറ (വൈസ് പ്രസിഡന്റ്)
3. ശ്രീ. വി.ആർ. വേലായുധൻ നായർ (പഞ്ചായത്ത് മെമ്പർ)
4. ശ്രീ. എം.എൻ. മാധവൻ നായർ (പഞ്ചായത്ത് മെമ്പർ)

5. ശ്രീ. പി.ജി. ഫിലിപ്പ് (പഞ്ചായത്ത് മെമ്പർ)
6. ശ്രീ. വി.കെ. വാസുപിള്ള (പഞ്ചായത്ത് മെമ്പർ)
7. ശ്രീ. റ്റി.എൻ. നാണുനായർ (പഞ്ചായത്ത് മെമ്പർ)
8. ശ്രീ. കെ.അയ്യപ്പൻ (പഞ്ചായത്ത് മെമ്പർ)
9. ശ്രീമതി ഇ.കെ. ചെല്ലമ്മ (പഞ്ചായത്ത് മെമ്പർ)

പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി സ്കൂൾ സ്ഥാപിക്കുന്നതിന് അനുകൂലമായിരുന്നില്ല. പതിനായിരം രൂപയിൽ താഴെയായിരുന്ന സർക്കാർ ഗ്രാന്റ് ഉൾപ്പെടെ പഞ്ചായത്തിന്റെ വരുമാനം. സ്കൂൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം സമീപവാസികളായ പതിമൂന്ന് വീട്ടുകാർ സംഭാവന ചെയ്തു.

**<u>സ്ഥലം സംഭാവന ചെയ്തവർ</u>**

1. രാമൻ നായർ രാമൻ നായർ, നടുവലേത്ത് പുത്തൻവീട്, മലയാലപ്പുഴ
2. നാരായണിയമ്മ കുഞ്ഞുകുട്ടിയമ്മ, താന്നിനില്ക്കുന്നതിൽ, മലയാലപ്പുഴ
3. നീലി ജാനകി, നടുവിലേത്ത്, മലയാലപ്പുഴ
4. കുഞ്ഞിപ്പെണ്ണമ്മ ഗൗരിയമ്മ, പുത്തൻ നിരവേൽ, മലയാലപ്പുഴ
5. ഗോപാലൻ നായർ പങ്കജാക്ഷൻ നായർ, വേങ്ങശ്ശേരിൽ, മലയാലപ്പുഴ
6. കല്യാണിയമ്മ ഭവാനിയമ്മ, വേങ്ങശ്ശേരിൽ, മലയാലപ്പുഴ
7. ഗൗരിക്കുട്ടി വിലാസിനി , താന്നിനില്ക്കുന്നതിൽ, മലയാലപ്പുഴ
8. കുഞ്ഞൻ നാണു, നടുവിലേത്ത്, മലയാലപ്പുഴ
9. നീലി നാരായണി, നടുവിലേത്ത് വടക്കേതിൽ, മലയാലപ്പുഴ
10. നാരായണിയമ്മ പങ്കജാക്ഷിയമ്മ, താന്നിനില്ക്കുന്നതിൽ, മലയാലപ്പുഴ
11. നാരായണിയമ്മ തങ്കമ്മ, താന്നിനില്ക്കുന്നതിൽ, മലയാലപ്പുഴ
12. കുഞ്ഞുപെണ്ണമ്മ തങ്കമ്മ, താന്നിനില്ക്കുന്നതിൽ, മലയാലപ്പുഴ
13. കുഞ്ഞുപെണ്ണമ്മ ദേവകിയമ്മ, താന്നിനില്ക്കുന്നതിൽ, മലായലപ്പുഴ

ജനങ്ങളുടെ സഹകരണത്തോടുകൂടി ഓലമേഞ്ഞ താത്കാലിക ഷെഡ്ഡിൽ ക്ലാസ്സുകൾ ആരംഭിച്ചു. 1969 ൽ സ്കൂളിന്റെ പ്രധാന കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ.എം.എസ്.നമ്പൂതിരിപ്പാട് ആണ്. തുടർന്ന് ജനകീയ പങ്കാളിത്തത്തോടെ മറ്റു കെട്ടിടങ്ങളും ഉപകരണങ്ങളും കുട്ടികളുടെ ശ്രമഫലമായി കളിസ്ഥലവും ഉണ്ടാക്കി. ഗവണ്മെന്റിൽ നിന്നു ലഭിച്ച ഗ്രാന്റ് സ്കൂൾ നിർമാണത്തിനു പ്രയോജനപ്പെട്ടു.

1966-67 ൽ നാലു ഡിവിഷനുകളിലായി എട്ടാം ക്ലാസ്സ് ആരംഭിച്ചു. തുടർന്നുള്ള വർഷങ്ങളിൽ 9, 10 ക്ലാസ്സുകളും. 1969 ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ആദ്യബാച്ച് പരീക്ഷ എഴുതി. പത്തനംതിട്ട ഗവ.സ്കൂൾ ആയിരുന്നു സെന്റർ. 38% കുട്ടികൾ വിജയിച്ചു.

അന്ന് 10 ശതമാനം കുട്ടികൾ എസ്.സി.വിഭാഗക്കാരായിരുന്നു. എസ്.റ്റി.വിഭാഗക്കാർ കുറവായിരുന്നു. ആൺ, പെൺ കുട്ടികളുടെ അനുപാതം തുല്യനിലയിലായിരുന്നു.

ഈ വിദ്യാലയത്തിൽ പഠിച്ചു ജയിച്ചവരിൽ പിഎച്ച്ഡി നേടിയവരും

ഡോക്ടർമാരും എഞ്ചിനീയർമാരും നിയമബിരുദധാരികളും അധ്യാപകരും രാഷ്ട്രീയനേതാക്കളും ധാരാളമുണ്ട്. ഇന്നും ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങുന്നവർ ഉന്നതപഠനരംഗത്തും പാഠ്യേതര പ്രവർത്തനങ്ങളിലും സാമൂഹ്യജീവിതത്തിന്റെ വിവധ രംഗങ്ങളിലും ഉന്നതനിലവാരം പുലർത്തുന്നു.

**ഇപ്പോൾ കേരളസർവകലാശാല**
**വൈസ് ചാൻസലറായിരിക്കുന്ന**
***ശ്രീ. വി.പി. മഹാദേവൻ പിള്ള***
**ഈ സ്കൂളിലെ പൂർവവിദ്യാർത്ഥിയാണ്.**



**<u>സ്കൂൾ ഭരണം, ഫണ്ടുകൾ</u>**

1966 ൽ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആരംഭിച്ച ഈ സ്കൂളിന്റെ നിയന്ത്രണം 2010 വരെയും മലയാലപ്പുഴ ഗ്രാമപഞ്ചായത്തിനായിരുന്നു. ഇക്കാലയളവിൽ സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ ധനസഹായം പഞ്ചായത്ത് ഫണ്ടിൽ നിന്നും ലഭിച്ചു. 2010 ജനുവരിയിൽ കേരളത്തിലെ 104 പഞ്ചായത്ത് സ്കൂളുകളും സർക്കാർ ഏറ്റെടുത്ത് ഗവണ്മെന്റ് സ്കൂളുകളാക്കി മാറ്റി. (02/01/2010 ലെ സ.ഉ.(എം.എസ്) നം. 2/2010 പൊ.വി.വ.) ഇതിനെ തുടർന്ന് സ്കൂളിന്റെ നിയന്ത്രണം പത്തനംതിട്ട ജില്ലാ പഞ്ചായത്തിനായി.

2014-15 അധ്യയനവർഷത്തിൽ ഈ സ്കൂൾ ഹയർസെക്കണ്ടറി സ്കൂളായി അപ്ഗ്രേഡ് ചെയ്തു. 47 കുട്ടികളുമായി +1 സയൻസ് ബാച്ച് ആരംഭിച്ചു. 2015-16 അധ്യയന വർഷം മുതൽ കൊമേഴ്സ് ബാച്ച് കൂടി അനുവദിച്ചിട്ടുണ്ട്. ഹൈസ്കൂളിന്റെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് ഹയർസെക്കണ്ടറി പ്രവർത്തിച്ചു കൊണ്ടിരുന്നത്. ഈ വർഷം +1 ക്ലാസ്സിൽ ചേർന്ന എല്ലാ കുട്ടികളും സ്കൂൾ ചെയ്ഞ്ച് സമയത്ത് ഓപ്ഷൻ നല്കി മറ്റു സ്കൂളുകളിലേക്കു പോയതിനാൽ ക്ലാസ്സ് നടക്കുന്നില്ല.

ബഹു.കേരള റവന്യൂ കയർ വകുപ്പുമന്ത്രി അഡ്വ.അടൂർ പ്രകാശ് അദ്ദേഹത്തിന്റെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ പുതിയ കെട്ടിടം നിർമിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. കെട്ടിടം പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കൂടാതെ പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ നിന്നും എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് 32 ലക്ഷം രൂപ മുതൽമുടക്കിൽ ഒരു പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. 30 ലക്ഷം രൂപയുടെ അറ്റകുറ്റപണികളും നടത്തുന്നതിന് കഴിഞ്ഞ വർഷം തന്നെ തീരുമാനിച്ചിരുന്നെങ്കിലും പണി പൂർത്തിയായിട്ടില്ല. പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ നിന്നും 100 വീതം ബഞ്ചും ഡസ്കും കഴിഞ്ഞ വർഷം ലഭിച്ചു. കൂടാതെ ഒരു ലക്ഷം രൂപയുടെ ലബോറട്ടറി ഉപകരണങ്ങളും ലഭിച്ചു.

ആർ.എം.എസ്.എ.യിൽ നിന്നും കഴിഞ്ഞവർഷം അമ്പതിനായിരം രൂപ സ്കൂൾ ഗ്രാന്റും ഒൻപതിനായിരം രൂപ പെൺകുട്ടികൾക്കുള്ള സെൽഫ് ഡിഫൻസ് ട്രയിനിംഗിനുമായി ലഭിച്ചു.

# **പൊതുവിദ്യാഭ്യാസത്തിന്റെ പ്രസക്തി**

കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗം നേരിടുന്ന വെല്ലുവിളി ഏറ്റവും തീവ്രമായ രീതിയിൽ ഈ വിദ്യാലയവും നേരിടുന്നു. ഒന്നാം ക്ലാസ്സുമുതൽ പൊതുവിദ്യാലയങ്ങളിൽ എത്തുന്ന കുട്ടികളുടെ കുറവ് ഹൈസ്കൂൾ ക്ലാസ്സുകളിലും അനുഭവിക്കുന്നു. ഇതിനു കാരണം അംഗീകൃത – അനംഗീകൃത ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ബാഹുല്യമാണ്. മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ ഇംഗ്ലീഷ് സ്കൂളുകളുടെ എണ്ണം കുറവാണ്. 15 ഉം 20 ഉം കിലോമീറ്റർ അകലെയുള്ള സ്കൂളുകളിൽ നിന്നും വാഹനമെത്തി കുട്ടികളെ കൊണ്ടുപോകുന്നു. കുട്ടികളുടെ മാനസിക നിലവാരത്തിന് അനുയോജ്യമാല്ലാത്ത അശാസ്ത്രീയമായ വിദ്യാഭ്യാസരീതിയാണ് ഈ സ്കൂളുകളിലുള്ളതെന്ന് മാതാപിതാക്കൾ തിരിച്ചറിയുന്നില്ല. നാടും നാട്ടുകാരുമായി യാതൊരു ബന്ധവുമില്ലാതെ വളരുന്ന ഈ കുട്ടികൾക്ക് മാതൃഭാഷ അന്യമാകുന്നു. ഭാവിയിൽ ഈ സംസ്കാരവുമായി പൊരുത്തപ്പെട്ടു പോകാനാവാതെ കഷ്ടപ്പെടേണ്ടി വരുന്നു.

മലയാലപ്പുഴയിലെ എല്ലാ പൊതുവിദ്യാലയങ്ങളും നല്ല നിലവാരം പുലർത്തുന്നവയാണ്. ചില രക്ഷിതാക്കളുടെ ദുരഭിമാനവും കുട്ടികളെ നടത്തി സ്കൂളിൽ അയയ്ക്കുന്നതിനുള്ള വിമുഖതയും ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിന് പ്രേരണയാകുന്നു.

കോന്നി, കുമ്പഴ, പത്തനംതിട്ട, പ്രമാടം, മൈലപ്ര എന്നിവിടങ്ങളിലുള്ള ചില എയ്ഡഡ് വിദ്യാലയങ്ങളും സൗജന്യ വാഹന സൗകര്യവും മറ്റു പ്രലോഭനങ്ങളും നല്കി കുട്ടികളെ കൊണ്ടുപോകുന്നുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി പത്താം ക്ലാസ്സിൽ പഠിക്കുന്ന മുഴുവൻ കുട്ടികളും ഉയർന്ന ഗ്രേഡോടുകൂടി പാസ്സാകുന്ന ഈ സ്കൂളിൽ ചേർക്കാതെ കുട്ടികളെ വളരെ ദൂരേക്കു വിടുന്നതിനുള്ള കാരണം രക്ഷിതാക്കളുടെ ദുരഭിമാനവും ആ സ്കൂളുകളിൽ നിന്നും ലഭിക്കുന്ന സൗജന്യ സമ്മാനങ്ങളും മാത്രമാണ്.

സമൂഹത്തിന്റെ ശക്തമായ ഇടപെടലിലൂടെ പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം ശക്തമാക്കുകയും മാതൃഭാഷയിലൂടെ അറിവു നേടുന്നതു കൊണ്ടുള്ള നേട്ടം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും ചെറിയ ക്ലാസ്സു മുതൽ ഇംഗ്ലീഷ് ഭാഷ ശരിയായി പഠിപ്പിക്കുകയും വാഹനസൗകര്യം ഏർപ്പെടുത്തുകയും ചെയ്താൽ ഈ ഹൈസ്കൂൾ ഉൾപ്പെടെ ഈ പഞ്ചായത്തിലുള്ള എല്ലാ പൊതുവിദ്യാലയങ്ങളും രക്ഷപ്പെടും.



**കവിത**

# പറയാതെ പോയ വാക്കുകൾ

അശ്വതി മോഹൻദാസ് - 10 എ

എരിയുന്ന വേനലോ പൊഴിയുന്ന മഴയോ.....
കരയുന്ന കിളിയോ, വിടരുന്ന പൂവോ.......
പറഞ്ഞതില്ല എന്നോടായി
ഒരു വാക്കു പോലും.....
ഒരു സന്ധ്യ തൻ നിലാപൊയ്കയിൽ
ഞാനന്നിരുന്നിട്ടും ചൊല്ലിയില്ല....
കാറ്റിന്റെ കൈകളോ ചൊല്ലിയില്ല....
പൊഴിഞ്ഞിടുന്നൊരീ ഉമഴത്തുള്ളികൾ
ഇന്നിന്റെ പേമാരിയാകുമെന്ന്.....
എല്ലാം കവർന്ന്
ചെറുതുള്ളി വലുതായി
ഹൃദയത്തിലഴലായി........
എല്ലാം പൊലിഞ്ഞു പോയി.....
കുളിരാർന്ന ഓർമകളെ നെഞ്ചോടു
ചേർത്തു ഞാനലയുമ്പോൾ....
ഓരോ നിലാവും അന്നെന്നരികത്തു
വന്നിട്ടുമെന്തേ മറഞ്ഞു പോയ്.....
എന്നിലെ നഷ്ടബോധത്തിൻ
നിറവിലായ് നിന്നിലെ
ചെറുമഴത്തുള്ളികൾ....
എന്നിട്ടുമെന്തേ നീ പറയാതെ
പോയി എന്നോട്......
നിന്റെയാ ചുണ്ടിൽ നിന്നുയരുന്ന
വാക്കുകൾ ഞാനറിഞ്ഞതില്ലാ.....
നീ പൊഴിക്കുന്ന മാരിയിൽ
അലയുന്ന വേളയിൽ
ഞാനറിഞ്ഞില്ലാ മന്ത്രത്തിൻ
രൗദ്രഭാവം...........
ഓരോ ഹൃദയത്തിൻ കോണിൽ നിന്നു-
മുയരുന്ന കണ്ണീർക്കണങ്ങൾ...
നീയൊന്നും പറയാതെ പോയ വാക്കുകൾ



ഇന്നു ഞാനറിയുന്നു
എൻ ഹൃദയത്തിലൂടെ....
നിൻ പിഞ്ചോമനകളാം
മക്കളുടെ
തെറ്റുകൾ തിരുത്തിയ
നിന്റെയാ
പറയാതെ പോയ വാക്കുകൾ....
കനലായി നീ നിന്നിരുന്നൊരാ
വേളയിൽ...
ഒന്നു മൂളിപ്പോലും കേട്ടതില്ല....
നീ പറയാതെ പോയ വാക്കുകൾ....
രാവിന്റെ മാറിൽ ഞാൻ ചാഞ്ഞിരുന്നപ്പോഴും
സന്ധ്യ തൻ കുളിരാർന്ന വേളയിലും....
കരയുന്ന കുഞ്ഞിന്റെ തേങ്ങലിൽ
പോലും നീ ചൊല്ലിയില്ലാ വാക്കുകൾ....
നീ പൊഴിച്ചൊരീ കണ്ണീർക്കണങ്ങൾ
മാരിയായന്നു വന്നു പതിച്ചപ്പോൾ...
ഞാനറിഞ്ഞെന്റെ നെഞ്ചിൽ നീ
ഓതിയ സ്നേഹപാഠത്തിൻ
പറയാതെ പോയൊരാ വാക്കുകൾ.....
എങ്കിലും നീയെന്തേ
പറയാതെ പോയതാ വാക്കുകൾ....
വിടരുന്ന പൂവിൻ പരിമളം തേടിയും.....
പുലരുന്ന രാവിന്റെ ഭംഗികൾ തേടിയും...
ഉണരാത്ത ഹൃദയത്തിൻ
താളങ്ങൾ തേടിയും....
ഞാനലയുന്നിപ്പോഴുമെങ്കിലും....
നീയെന്തേ എന്നോടു ചൊല്ലാതെ പോയ്...
എൻ അമ്മയാം പ്രകൃതിമാതേ,
നീ പറയാതെ പോയ ഒരായിരം വാക്കുകൾ...
ഇന്നിന്റെ വാക്കുകളിൽ നിറഞ്ഞലിയുന്നു....
എങ്കിലും നീയെന്നൊടതാ പറയാതെപോയ
വാക്കിന്റെ നൊമ്പരം
ഞാനിന്നുമറിയുന്നു....
നീ പറയാതെ പോയ വാക്കുകൾ....
നീ പറയാതെ പോയ വാക്കുകൾ....

കവിത

## നിമിഷം

**ജയകൃഷ്ണൻ നായർ എം - 10 എ**

പറയൂ എൻ പുഷ്പമേ നീ
എന്നോട് പറയാതെ പോയവാക്കുകൾ
നിൻ മനോഹാരിതയിൽ ഞാൻ
ഒരു വണ്ടായി ലയിച്ചു പോയ നിമിഷം
നിന്നിലെ ഈണങ്ങളെൻ
ചുണ്ടിൽ മന്ത്രിച്ച നിമിഷം
ഞാൻ ധന്യനായത് പ്രിയേ
നിനക്കോർമയുണ്ടോ!
അന്ന് നീ എന്നെക്കണ്ട നിമിഷം
നിന്നുള്ളിൽ വിടർന്ന
ആ നറുപുഞ്ചിരിക്ക് ഞാൻ
തന്ന കുളിർ ചുംബനം.
അതിനു പകരമായി നിൻ
കവിളിൽ വിരിഞ്ഞ നാണവും.
നാഥനില്ലാതെ അലഞ്ഞ നിൻ ജീവിത-
മെന്നിൽ വന്നണഞ്ഞ് ധന്യമായതും
സഖി നിനക്കോർമയുണ്ടോ?
ജ്വലിക്കുന്ന വെയിലിൽ
എൻദാഹം ശമിപ്പിച്ചതും,
മകരക്കുളിരിൽ തണുത്ത നിൻ
ഉടലെൻ മാറിലഭയമായതും
നിൻ സങ്കടങ്ങൾ ഒരു പുഴ പോലെ
എൻ മാറിൽ ഒഴുകിയതും
സഖീ നീ മറന്നുവെന്നോ?
ഒരിക്കലും മറക്കാതെ നിന്നോർമകൾ
എന്റെയിടനെഞ്ചിൽ മായാതെ
കിടക്കും സഖീ നീ മറന്നാലും!



കവിത

## പ്രകൃതി എന്റെ മാത

**ആരോമൽ വിനോദ് - 9 എ**

പ്രകൃതി എനിക്ക് മാത കാരണം
ഞാൻ പാടുന്ന പാട്ടിൽ പ്രകൃതി
കാറ്റിനെപ്പോലെ വീശുന്നു.
പിച്ച വെച്ച കാലം
പ്രകൃതിക്ക് എത്ര സൗന്ദര്യം
ഈ ജീവിതം എത്ര സൗന്ദര്യം
ഈ ജീവിതം ജീവിക്കാൻ
അവസരം നല്കും ദൈവമേ,
സൂര്യനും ചന്ദ്രനും എത്ര മനോഹരം
ഈ പ്രകൃതിയിൽ
എന്തിന് മനുഷ്യരേ പ്രകൃതി
ഇല്ലാകതാക്കുന്നു നമ്മൾ!
പ്രകൃതിക്കു നാശം മനുഷ്യർ
എന്നിട്ട് എന്തിനു കരയുന്നു നിങ്ങൾ!



ചെറുകഥ

# നിറമില്ലാത്ത ദിനങ്ങൾ നിറത്തിലേക്കായി



**അശ്വതി മോഹൻദാസ് - 10 എ**

അവൾ കണ്ണു തുറന്നു ചുറ്റും പരതി. ആതുരാലയത്തിന്റെ ഏകാന്തതയിൽ ആ നിമിഷം അവൾ ഒറ്റപ്പെട്ടു. ശരീരത്തിന്റെ പല ഭാഗങ്ങളിലും കഠിനമായ വേദന അവളെ അലട്ടി. അവൾ ഉറക്കെ നിലവിളിച്ചു... "മോളേ"... തന്റെ ജീവന്റെ ജീവനായ പിഞ്ചോമനയെയും തന്റെ പ്രിയനെയും കാണാൻ ആ നെഞ്ചു തുടിച്ചു. അവൾക്ക് എഴുന്നേൽക്കുവാൻ കഴിഞ്ഞില്ല. അവൾ തന്റെ ഓർമകളിലേക്ക് വഴുതി വീണു. സന്തോഷം അലതല്ലുന്ന അവളുടെ വീട്. അവിടെ തന്റെ പിഞ്ചോമനയായ വാവയും ഭർത്താവും. അവർ മൂവരും ചേർന്ന് ഇരിക്കുകയാണ്. പെട്ടെന്നാണ് എന്തോ ഒരു ഭീകരശബ്ദം അവൾ കേട്ടത്. തന്റെ നെഞ്ചോടു ചേർത്തുവച്ച മകളെയും കുറച്ചുകൂടി ചേർത്ത് അവൾ വീണു. തന്റെ പ്രാണനെക്കാൾ പ്രിയനായ മകളും ഭർത്താവും..... അവൾ ഉണർന്നു.

"അച്ചുമോളേ.... വീഴല്ലേ മുത്തേ"

തന്റെ സുന്ദരമായ വീട്...

പ്രകൃതിയുടെ താണ്ഡവനൃത്തത്തിന്റെ ഇരകളായിത്തീർന്ന ആ കുടുംബത്തെക്കുറിച്ചോ ആ വീടിനെക്കുറിച്ചോ അവൾക്കറിയില്ല. അവളുടെ പ്രിയപ്പെട്ട അച്ചുമോളും ഭർത്താവും അതിൽ അവൾക്കു നഷ്ടപ്പെട്ടു പോയെന്നും അവൾക്കറിയില്ലായിരുന്നു.

അവൾ വിളിച്ചു "മുത്തേ നീയെവിടെയാ?"

നട്ടുച്ച വെയിലിന്റെ തീക്ഷ്ണതയും സന്ധ്യതൻ തൂവെളിച്ചവും അവൾ അറിഞ്ഞതേയില്ല. അവൾ പിന്നെയും പിന്നെയും ഓർമകളിലേക്ക് നടന്നുകൊണ്ടേയിരുന്നു....ആ ചലിപ്പിക്കുവാൻ കഴിയാത്ത കാലുകൾ കൊണ്ട്. പെട്ടെന്ന് അവൾ അലറിക്കരഞ്ഞുകൊണ്ട് തന്റെ വേദനകളെ മറന്ന് ചാടിയെണീറ്റു. തന്റെ ഹൃദയം പിടയുന്നതായി അവൾ അറിഞ്ഞു. അവൾ തേങ്ങിക്കരഞ്ഞു. ഒരു കുത്തിവയ്പ്പിൽ അവൾ നിദ്രയിലേക്ക് ആഴ്ന്നിറങ്ങി. ആ സമയത്തും അവളുടെ ഹൃദയം കേഴുകയായിരുന്നു. വർണശബളമായ അവളുടെ ജീവിതം അവൾ തന്നെ അവനോടൊപ്പം ആരംഭിച്ചതായിരുന്നു.

എന്തൊരു സുന്ദരനിമിഷങ്ങൾ! അവരുടെ വിവാഹം!

നീണ്ട കാലത്തെ കാത്തിരിപ്പിന്റെ മൂടുപടങ്ങൾ പൊളിച്ചുനീക്കി ഈ ലോകത്തേക്കെത്തിയ തന്റെ വാവ. ആ വാവയും അവളുടെ പ്രിയപ്പെട്ടവനും അവളെ ഈ ലോകത്തിന്റെ കോണിൽ തനിച്ചാക്കി മറഞ്ഞു. അവൾ മുറിവുകളുടെ ശയ്യയിൽ നിന്നുണർന്നു....

അവൾ ചോദിച്ചു "എവിടെ എന്റെ കുഞ്ഞ്.. എന്റെ പൊന്നോമന.." ആരും മറുപടി ഒന്നും പറഞ്ഞില്ല. അവൾ വീണ്ടും ചോദിച്ചു "എവിടെ എന്റെ ഏട്ടൻ..."എവിടെയും നിശ്ശബ്ദത മാത്രം. ആ അമ്മയുടെ, ആ പ്രിയതമനെ നഷ്ടപ്പെട്ട ഭാര്യയുടെ മനസ്സലഞ്ഞു. അവൾ എന്തെന്നില്ലാതെ ഒരു ഭ്രാന്തിയെപ്പോലെ നിലവിളിച്ചു.

"എനിക്കു ജീവിക്കേണ്ടാ... എനിക്ക് എന്റെ കുഞ്ഞിനെ വേണം..."

വർഷങ്ങൾക്കു ശേഷം ആ ദിനം... അന്നും അവൾ തേങ്ങിക്കരഞ്ഞു. അവളുടെ ഡയറിയുടെ ഏടുകൾ അവൾ മറിച്ചുനോക്കി. നിറമില്ലാത്ത നിറം പകരാത്ത എത്രയോ ദിവസങ്ങൾ...

എത്രയോ ഓർമകൾ...

അവളിങ്ങനെ കുറിച്ചു തന്റെ ഡയറിയുടെ ഒരു ഏടിൽ...

"കാണാൻ കൊതിക്കുന്ന മുഖവും

കേൾക്കാൻ കൊതിക്കുന്ന ശബ്ദവും
അകലെയാവുമ്പോൾ സ്നേഹം
ഒരു വിങ്ങലായ് മാറും....”

ആ വാക്കുകളുടെ ഒടുവിൽ നിറം പകരാത്തതും നിറം പകരുവാൻ ഇനി ഒരിക്കലും കഴിയാത്തതുമായ ആ ദിവസം ഓർക്കുന്നതിനു മുമ്പ് അവൾ കണ്ടു.. അവളുടെ പിഞ്ചോമനയായ അച്ചുമോളെയും പ്രിയനെയും. അവർ അവളെ വിളിച്ചു...വിലയില്ലാത്തതായ ആ ശരീരവും കളഞ്ഞ് അവരുടെ കൂടെ അവൾ യാത്ര തിരിച്ചു. അവൾ വീണ്ടും നിറമുള്ള ലോകത്തിലെത്തി.

**കവിത**

## വെള്ളമേ

**വിച്ചുലാൽ - 9 എ**

വെള്ളമേ നിനക്ക് അന്ത്യമില്ലേ
ഞങ്ങളുടെ ദാഹം മാറ്റുന്ന വെള്ളമേ
നീയാണ് എന്റെ സുഹൃത്ത്
എന്റെ ദാഹം മാറ്റാൻ
നീ മാത്രമേയുള്ളൂ.
വെള്ളമില്ലാതെയെനിക്ക്
ഒരു ദിവസം പോലും കഴിയാൻ സാധിക്കില്ല
കാരണം സുഹൃത്തായ വെള്ളം.



**കവിത**

## തുമ്പി

**അഖിൽ രാജ് - 9 എ**

തുമ്പീ നല്ല തുമ്പീ
ഞാൻ കണ്ട തുമ്പീ
പാറി നടക്കും തുമ്പീ
തേൻ കുടിക്കും തുമ്പീ
മൂളി നടക്കും തുമ്പീ
വർണനിറമുള്ള തുമ്പീ
ഏവർക്കുമിഷ്ടമാണു നിന്നെ!



കവിത

## എന്തൊരു സുന്ദരമെൻ പ്രകൃതി

**രതീഷ് റ്റി. എസ്. - 9 എ**

എന്തൊരു പ്രകൃതി
എന്തൊരു സുന്ദരമെൻ പ്രകൃതി
എന്തൊരതിശയമെൻ പ്രകൃതി
പുഴയും വയലും മലയും നിറഞ്ഞ
അനുഗ്രഹമെന്നോണമെൻ പ്രകൃതി
കളകളമൊഴുകുന്ന കാട്ടരുവി
എന്നമ്മ തൻ മധുരസ്വരം പോലെയും
തന്ന തന്ന വീശും കുളിർ കാറ്റ് എന്നമ്മതൻ
സ്നേഹതലോടലായും
പ്രകൃതിയാം മാതാവേ നിന്നെയോർക്കാൻ
എനിക്കീയൊരു ജന്മം മതിയാവില്ല.



കവിത

## അമ്മ

**മേഘ സുരേഷ് - 9 എ**

അമ്മേയെന്നാദ്യം ചൊല്ലുക്കളിച്ച്
മാതൃഭൂമിയിൽ ജനിച്ചാതാരാണ്!
മുലപ്പാലിന്നമൃതം നുകർന്ന്
ആ മയക്കത്തിൽ ചിരി കൊണ്ട്
ഉണർന്നതാരാണ്?
അമ്മയുടെ തേജസ്സിന്റെ
സൂര്യപ്രഭയിൽ
നെഞ്ചോടു ചേർത്ത് ചൂടുപറ്റി
ആ കിനാവിന്റെ സ്വപ്നത്താരാട്ടായി
കത്തിജ്ജ്വലിക്കുന്ന അഗ്നിയിൽ
ഒരു തുള്ളി വെള്ളം നനച്ചു തന്ന്
വെളിച്ചമായി ഒരു കുടന്ന നിലാവായി
ഇത്രയും സൗഭാഗ്യം കൊണ്ട്
ഈ ഭൂമിയിൽ ജനിച്ച്
അമ്മ എന്ന വിളിക്കുന്ന ഭാഗ്യമായി
ഈ പ്രപഞ്ചത്തെ മനോഹരിയാക്കി
സൗന്ദര്യമായ മുഖം ഈ ഭൂമിയിൽ
കണ്ട് ജനിച്ചതാരെന്ന് അറിയാൻ
വാക്കുകളില്ല നമ്മളിൽ
അമ്മയോട് ഒരു വാക്കു പറയാതെ



**കവിത**

## പ്രിയയുടെ വാക്കുകൾ

**പ്രശാന്ത് - 10 എ**

പറയാതെ പോയ വാക്കുകൾ
ഇന്ന് വിടയാണ് പ്രിയേ
നിന്നുടെ വാക്കുകൾ
ഞാൻ അറിഞ്ഞില്ല പ്രിയേ
നിന്നുടെ പ്രണയം ഞാൻ അറിഞ്ഞില്ല



–

**കവിത**

## എൻ കനവുകൾ

**അമൽ എസ് - 10 എ**

പറയാൻ മറന്ന വാക്കുകൾ
ഈ ജീവിതത്തെ മാറ്റിമറിച്ച

അറിയില്ലാ ആ കണ്ണുകൾ
അറിയില്ലാ ആ ചുണ്ടുകൾ
പറയുന്ന എൻ ഓർമ്മകൾ
അലിയുന്ന എൻ കനവുകൾ
ഇനി മറക്കില്ലാ ഈ രാവുകൾ
പറയാൻ മറന്ന വാക്കുകൾ



**കവിത**

## ഓരോ വാക്കുകൾ

അർജ്ജുൻ പ്രദീപ്

കാലത്തിനൊത്ത് ജിവിതം മാറുന്നു
ജീവിത്തിനൊത്ത് വാക്കുകൾ മാറുന്നു.
ഒന്നു മൊഴിയാൻ ഈ വാക്കുകൾ
വേണം ഉരുവിട്ടുപോയ വാക്കുകൾ
നല്ലതോ ചീത്തയോ ഓരോ വാക്കും
പ്രയോഗിക്കു കൃത്യമായി
അത് വ്യക്തമായിഉച്ചാരണമായി
എന്നാൽ ഓരോ വാക്കിനും ഒരോ നിറം
പലരുടെ ഉള്ളിൽ ഈ വാക്കുകൾ
പലതായി മൊഴിയും സുന്ദരമായി
വാക്ക് അതിന്റെ നാഥനെ കാണുമ്പോൾ
നാണിക്കുന്നു , ചുവക്കുന്നു , തുടുക്കുന്നു
പറയാതെ പോയ വാക്കുകൾ
മൊഴിയാൻ
ഈ ജന്മത്തിൽ
ആർക്കു കഴിയും



**കവിത**

## എന്നും നിൻ ഓർമ്മകൾ

അർഷ ഷാജി

ഏതോ നിശബ്ദമാം ഏകാന്തത നൽകി
നീ എങ്ങോട്ട് പൊൻ സുര്യനേ.
കാലം മറയ്ക്കും നിൻ ഓർമ്മകൾ
എന്നാൽ എന്നിൽ  വിടരും നിൻ ഓർമ്മകൾ
അസ്തമയ സുര്യൻ ഇരുളിൽ മറഞ്ഞാലും
മായാതെ നിന്റെ ഓർമകൾ
എന്നുമെൻ മനസിൽ   വിരഹമായ്
ഓർക്കുംഏകാന്ത നിർമ്മലമീ നിമിഷം
ഋതുഭേദമീവിദി കാലവർഷക്കെടുതിയിൽ
എന്നെന്നും വിരഹാർദമീ
നിമിഷം
തേടിഅലയും  നിൻ
ഓർമകൾ
എന്നിൽ നിശാ ബോധം
തളിരണിയും



ചെറുകഥ



# പ്രളയത്തിന്റെ മങ്ങിയ ഓർമകൾ

**ലക്ഷ്മി. എസ്  -  10 എ**

ഗ്രാമമാകെ വെള്ളം നീറി. സച്ചുവും അതിലൊരു അംഗമായി. ആ ഗ്രാമം നീറിയത് കേവലം മനസ്സുകൊണ്ട്. സച്ചു തന്റെ വീട്ടിലെ ടീവിവിവരങ്ങളിൽ മുഴുകിയിരിക്കുകയാണ്.

"അമ്മേ... ഒന്നിങ്ങു വന്നേ..."

"എന്താടാ? ഞാൻ അടുക്കളയിലാ. കടുക് കരിയും മോനേ..."

"ഈ ആനക്കാര്യത്തിന്റെ ഇടയിലാ അമ്മയുടെ കടുക് കാര്യം. ഇങ്ങോട്ട് വാ അമ്മേ വേഗം.."

ആ ദൃശ്യം കണ്ട് അമ്മയും സ്തബ്ധയായി നിന്നു പോയി. ജേർണലിസ്റ്റ് സീതാറാം ആനുകാലിക പ്രശ്നത്തെപ്പറ്റി പറയുന്നു. സച്ചുവും അമ്മയും കണ്ണിമ ചിമ്മാതെ വാർത്ത കേട്ടങ്ങനെ നിന്നു. കേരളത്തെയൊട്ടാകെ വിഴുങ്ങിയ പ്രളയത്തെപ്പറ്റിയാണ് പറയുന്നത്.

ഇടുക്കി അണക്കെട്ട് തുറക്കുന്നു. ഏതാനും ജില്ലകളിൽ റെഡ് അലർട്ട്. വാർത്താ തലക്കെട്ടുകൾ നിറഞ്ഞ ടിവിയുടെ മങ്ങിയ പ്രകാശം ആ മുറിയെ ദുഃഖസാന്ദ്രമാക്കി.

സച്ചുവിന്റെ മനം നൊന്തു. മറ്റുള്ളവരുടെ വേദനയിലും നോവിലും പങ്കുചേരുന്നതിനോടാണ് അവന് താത്പര്യം. അവന്റെ നാടിനെ പ്രളയം ഏറെ ബാധിക്കാറില്ല. എങ്കിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും മറ്റു സേവന പ്രവർത്തനങ്ങളിലും പതിനെട്ടു വയസ്സുമാത്രം പ്രായമുള്ള ആ പൗരൻ പങ്കാളിയാകുമെന്നതിൽ സംശയമില്ല.

വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് അവധി ആയതിനാൽ കുട്ടികളെല്ലാവരും വീട്ടിൽ തന്നെയായിരുന്നു. സകലരും പ്രളയത്തിലകപ്പെട്ടു. അഞ്ചുവയസ്സുമാത്രം പ്രായമുള്ള അഭിനന്ദ് എന്ന കുട്ടിയെ സച്ചു വളരെ സാഹസികമായി രക്ഷിച്ചു. വെള്ളത്തിൽപ്പെട്ട ആ കുട്ടിയെ സച്ചുവിന്റെ ശ്രമകരമായ പ്രവർത്തനത്തിനൊടുവിലാണ് രക്ഷിക്കാനായത്. സ്കൂളിലെ മികച്ച നീന്തൽത്താരമായ സച്ചുവിന് അത് കുനിന്മേൽ കുരു പോലെയായി. ധാരാളം അവാർഡുകൾ അവനെ തേടിയെത്തി. ഒന്നും പ്രതീക്ഷിച്ചല്ല അവൻ ചെയ്തതെങ്കിലും തേടിയെത്തിയ സൗഭാഗ്യം അവൻ തട്ടിത്തെറിപ്പിച്ചില്ല.

പ്രളയക്കെടുതിക്കു ശേഷം ഓടിൻ വിടവിലൂടെയെത്തിയ സമാധാനരശ്മി അവനെ വിളിച്ചുണർത്തി. സ്കൂൾ വീണ്ടും തുറക്കുകയാണ്. കുട്ടികളെല്ലാം സച്ചുവിനെ കണ്ടതോടെ ആരവമുയർത്തി. ചിലരെങ്കിലും കളിയാക്കുകയും ചെയ്തു.

"സച്ചൂ, നീ എത്തിയോ.... ഞങ്ങൾ കരുതി നീ വെള്ളപ്പൊക്കത്തിൽ ഒലിച്ചു പോയെന്ന്.. "

സ്കൂൾ കലോത്സവത്തിൽ പ്രസംഗത്തിന് അവൻ ചേർന്നു. പ്രളയജലത്തിൽ ഒഴുകിനടന്ന മാലിന്യക്കൂമ്പാരം അനുഭവത്തിന്റെ വെളിച്ചത്തിൽ അവൻ അവതരിപ്പിച്ചു. ആദ്യ കയ്യടി ഉയർന്നത് പ്രസംഗം കേൾക്കാൻ സ്കൂളിലെത്തിയ അമ്മയിൽ നിന്നായിരുന്നു എന്ന് അവൻ കണ്ടു.

അമ്മ പറഞ്ഞു "എന്നാലും നീയെന്റെ അടുക്കളയിലെ കടുക് കിരിയിച്ചു കളഞ്ഞില്ലേ.."

ചെറുകഥ



# ഞാൻ, ഞാൻ മാത്രം


**ഭാഗ്യദാസ് – 8 എ**

എന്റെ ജീവിതത്തെ മാറ്റിമറിച്ച ആ ദിവസം. മദ്യപനായ അച്ഛനും പകുതി തളർന്നു കിടക്കുന്ന അമ്മയും. അവർക്ക് ഞാൻ ഒറ്റ മകളായിരുന്നു. വാഹനാപകടത്തിലാണ് അമ്മയ്ക്ക് ഈ തളർച്ച ഉണ്ടായത്. അവർക്കു മുന്നിൽ എന്നും ഞാനൊരു കളിപ്പാവയായിരുന്നു. ഓർമ വച്ച നാൾ മുതൽ അച്ഛന്റെ മദ്യപാനം എന്നെയും എന്റെ മനസ്സിനെയും തളർത്തി. എന്നാൽ അമ്മയുടെ അവസ്ഥ അതിദയനീയമായിരുന്നു. എന്തിനും ഞാനൊപ്പം വേണം. ഒന്നാം ക്ലാസ്സിൽ എന്നെക്കൊണ്ട് ചേർത്തത് അമ്മയുടെ ചേട്ടത്തിയാണ്. പുത്തൻ ബാഗും കുടയും ഉടുപ്പും എല്ലാം എനിക്കൊരു പുതുമയായിരുന്നു. രാധിക ടീച്ചറായിരുന്നു ഞങ്ങളുടെ ക്ലാസിലെ അധ്യാപിക. ആൾ ഇത്തിരി ഭയങ്കരിയാണ്. ഹോം വർക്ക് ചെയ്തില്ലെങ്കിൽ നല്ലവണ്ണം അടിക്കുകയും വഴക്കു പറയുകയും ചെയ്യും.


ഒരു ദിവസം സന്ധ്യയ്ക്ക് അച്ഛൻ മദ്യപിച്ചു വന്നു. എനിക്ക് വളരെ വിഷമമായി. ഞാൻ അമ്മയുടെയും അച്ഛന്റെയും കാര്യമോർത്ത് ഒരുപാടു കരഞ്ഞു. അങ്ങനെ അവിടെയിരുന്ന് ഞാനുറങ്ങിപ്പോയി. പിറ്റേന്ന് ക്ലാസ്സിൽ ടീച്ചറെത്തിയപ്പോഴാണ് ഹോംവർക്കിന്റെ കാര്യം ഞാനോർക്കുന്നത്. ടീച്ചർ എന്നെ എണീപ്പിച്ച നിർത്തി, അടി തന്നു, വഴക്കു പറഞ്ഞു. ഞാനൊരു ആറുവയസ്സുകാരി കുട്ടിയാണെന്ന് ടീച്ചർ കരുതിയില്ല. വീട്ടിലെത്തിയപ്പോൾ ഞാൻ അമ്മയോട് കാര്യങ്ങൾ പറഞ്ഞു. അമ്മ പറഞ്ഞു, വിഷമിക്കേണ്ട ഇനി നന്നായി പഠിക്കണമെന്ന്. അങ്ങനെ എന്റെ പത്തു വർഷങ്ങൾ - കളിചിരി ഉണ്ടെങ്കിലും കൂടുതൽ വിഷമങ്ങളാണ് - അതിൽ സംശയമില്ല. പത്താം ക്ലാസ്സ് വലിയൊരു ഓർമയാണ്. പത്തു വർഷവും ഒരേ സ്കൂളിലായിരുന്നു. എന്റെ കുടുംബപശ്ചാത്തലം വളരെ മോശമായിരുന്നു. അമ്മ എപ്പോഴും എന്നോട് പറഞ്ഞു കൊണ്ടിരുന്നു നല്ല രീതിയിൽ പഠിക്കണമെന്ന്. അങ്ങനെ ഒരു ദിവസം എന്നെ ഏകയാക്കി അമ്മ മറഞ്ഞു. അന്ന് അച്ഛനെ ഞാൻ കണ്ടതേയില്ല. ശവസംസ്കാരത്തിനുശേഷം അമ്മയുടെ ചേട്ടത്തിയുടെ കൂടെ അവരുടെ വീട്ടിലേക്കു പോയി. പിന്നീടാണ് അച്ഛൻ മറ്റൊരു സ്ത്രീയെ വിവാഹം കഴിച്ചു എന്ന് ഞാൻ അറിയുന്നത്. ദൈവം എന്തിന് എന്നെ ഇങ്ങനെ കരയിക്കുന്നു. പിന്നീടുള്ള എന്റെ ജീവിതം അമ്മൂമ്മയോടൊപ്പമായിരുന്നു.

ഒരു ദിവസം രാധിക ടീച്ചർ എന്നെ കാണാനെത്തി. പത്താംക്ലാസ്സിൽ നല്ലവണ്ണം പഠിക്കണമെന്നു പറഞ്ഞു. എന്നെ ആശ്വസിപ്പിച്ചു. വളരെ പ്രയത്നിച്ച് പത്താംക്ലാസ്സിൽ എല്ലാ വിഷയങ്ങൾക്കും എപ്ലസ് വാങ്ങിച്ചു. അത് എന്റെ അമ്മയ്ക്കു വേണ്ടിയായിരുന്നു. അമ്മയുടെ ആത്മാവിന് നിത്യശാന്തി ലഭിക്കുവാൻ. ജീവിതം ഓരോ നിമിഷം മുന്നോട്ടു പോകുമ്പോഴും ഞാൻ പഴയ കാലത്തെ മറന്നില്ല, അത് നിറമില്ലാത്ത ഓർമകളായിരുന്നെങ്കിലും!




ങേ! പ്രധാനമന്ത്രി സങ്കടത്തിലാണെന്നോ എന്തിന്?
സ്വാതന്ത്ര്യദിനം അടുത്തു കൊണ്ട് പ്രധാനമന്ത്രിക്ക് ഇന്ത്യയിൽ തന്നെ നിൽക്കേണ്ടി വന്നു
ഓഗസ്റ്റ് 15 - സ്വാതന്ത്ര്യദിനം

## കാർട്ടൂൺ


ങേ! താനോ ഇൻകം ടാക്സ് പിടിച്ചെന്നോ! എന്തിന്?
പെട്രോൾ പമ്പിൽ നിന്ന് ഫുൾ ടാങ്ക് പെട്രോൾ അടിച്ചതിന്
KERALA EXPRESS
പെട്രോളിന് വില കുത്തനെ കൂടുന്നു


KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ. ടി. ക്ലബ്ബ്
നമ്പർ: LK / 2018 / 38061
ജെ. എം. പി. ഹൈസ്കൂൾ
മലയാലപ്പുഴ
0468 2300243


JAWAHARLAL MEMORIAL PANCHAYAT HIGH SCHOOL
MALAYALAPUZHA